പതിമൂന്നാം കേരള നിയമസഭ.
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1797 11.2.2013-ൽ മറുപടിക്ക്

ടോയ്ലറ്റ് ലിങ്ക്ഡ് ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തോമസ് ചാണ്ടി | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ചമ്പക്കുളം - നെടുമുടി കൈനകരി ഗ്രാമപഞ്ചായത്തുകളിൽ ശുചിത്വ മിഷന്റെ കീഴിൽ ടോയ്ലറ്റ് ലിങ്ക്ഡ് ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ചമ്പക്കുളം, നെടുമുടി, കൈനകരി ഗ്രാമ പഞ്ചായത്തുകളിൽ ടോയ്ലറ്റ് ലിങ്ക്ഡ് ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം ഗുണഭോക്താക്കൾക്ക് സ്വീകാര്യമാകില്ലെന്നും വെള്ളപ്പൊക്ക ഭീഷണിയുള്ള കുട്ടനാട്ടിൽ പുതിയ പാരിസ്ഥിതിക പ്രശ്നം ഉണ്ടാക്കുമെന്നും ജനപ്രതിനിധികൾ എതിരഭിപ്രായം രേഖപ്പെടുത്തിയതിന്റെയടിസ്ഥാനത്തിൽ പകരം അനുയോജ്യമായ ഇതര സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടുള്ള ടോയ്ലറ്റ് യൂണിറ്റ് മാത്രം നിർമ്മിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) ഈ പദ്ധതിക്ക് നിർവ്വഹണ ഏജൻസിയെയും അനുയോജ്യമായ സാങ്കേതിക വിദ്യയും കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ, വിശദാംശം ലഭ്യമാക്കുമോ; | ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിനായി നിർവ്വഹണ ഏജൻസിയെയും അനുയോജ്യമായ സാങ്കേതിക വിദ്യയും കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. നിർവ്വഹണ ഏജൻസിയെ കണ്ടെത്തുന്നതിനായി 27.06.2012 ൽ താൽപര്യപത്രം ക്ഷണിച്ചതുപ്രകാരം 4 സ്ഥാപനങ്ങളിൽ നിന്ന് |

ആയത് ലഭിക്കുകയുണ്ടായി. പ്രസ്തുത 4 സ്ഥാപനങ്ങളിൽ നിന്നും സാങ്കേതിക മികവോടു കൂടിയതും കുട്ടനാടിന്റെ പ്രകൃതിയ്ക്ക് ഇണങ്ങുന്നതുമായ രൂപഭംഗിയിൽ ടോയ്‌ലെറ്റ് യൂണിറ്റ് പണിയുന്നതിലേക്കുള്ള നിർദ്ദേശങ്ങൾ ക്ഷണിക്കുകയും നിശ്ചിത സമയപരിധിക്കുള്ളിൽ പ്രൊപ്പോസൽ നൽകിയ 2 സ്ഥാപനങ്ങളുടെ Technical bid പരിശോധിച്ചു വരികയുമാണ്. Technical bid പരിശോധന പൂർത്തീകരിക്കുന്ന മുറയ്ക്ക് Financial bid തുറന്ന് പരിശോധിച്ച് പദ്ധതി നിർവ്വഹണത്തിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്.

| | | | |
|---|---|---|---|
| സി) | ഇക്കോസാൻ ടോയ്‌ലെറ്റുകൾക്ക് പകരം ഫെറോസിമെന്റ് ടാങ്കുകളുടെ ടോയ്‌ലെറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ? | സി) | ഫെറോസിമന്റ് ടാങ്കുകളോടു കൂടിയ ടോയ്‌ലെറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ